കൾ സ്വന്തമാക്കുമ്പോൾ നിരവധി കർഷകർ ഭൂരഹിതരായി മാറുകയായിരുന്നു. ജീവനോപാധികൾക്കായി പലരും ഇതര ദേശങ്ങളിലേക്ക് കുടിയേറി. തോട്ടവിള വികസനത്തിന്റെ ഇരകളിൽ നിന്നാണ് കേരളത്തിൽ കുടിയേറ്റത്തിന്റെ ചരിത്രം ആരംഭിക്കുന്നത്. 1834ൽ ആണ് ചൈനയിൽ നിന്നും ഇന്ത്യയിലേക്ക് തേയിലച്ചെടി എത്തുന്നത്. 1862ൽ കമ്പനി നിയമം പ്രാബല്യത്തിൽ വന്നതോടെ കോർപ്പറേറ്റ് നിക്ഷേപങ്ങൾ തോട്ടം മേഖലയിൽ പിടിമുറുക്കി. ഇതിന് സമാന്തരമായി സർക്കാർ ഉടമസ്ഥതയിലുള്ള വനങ്ങൾ വെട്ടിത്തെളിച്ച് തേക്കിൻ തോട്ടങ്ങളുണ്ടാക്കുന്ന പരിപാടിയുമായി വനം വകുപ്പും മുന്നോട്ടുപോയി. തിരുവിതാംകൂറിലാണ് പ്ലാന്റേഷൻ രീതിയിലുള്ള തോട്ടവിളകളുടെ വളർച്ച വേഗത്തിൽ പുരോഗമിച്ചത്. പശ്ചാത്യ തോട്ടമുടമകളോട് തിരുവിതാംകൂർ സർക്കാരിനുണ്ടായിരുന്ന വിമുഖത ടി. മാധവറാവു ദിവാനായതോടെ അവസാനിക്കുകയും വൻകിട കമ്പനികൾ ഇവിടേക്ക് എത്താൻ തുടങ്ങുകയും ചെയ്തു. കണ്ണൻദേവൻ കുന്നുകൾ തിരുവിതാംകൂറിലെ ഏറ്റവും വലിയ തേയിലത്തോട്ടങ്ങളായി മാറി. 1897ൽ ജയിംസ് ഫിൻലേ ആന്റ് കമ്പനി ആരംഭിച്ച 'കണ്ണൻദേവൻ ഹിൽ പ്രൊഡ്യൂസ് കമ്പനി'യുടെ പരിധിയിൽ മൺറോയുടേതടക്കമുള്ള തോട്ടങ്ങൾ വന്നുചേർന്നു. അതാണ് പിന്നീട് ടാറ്റയുടെ പൂർണ്ണനിയന്ത്രണത്തിലുള്ള സാമ്രാജ്യമായി മാറുന്നത്. ഹാരിസൺ മലയാളം കമ്പനി അടക്കമുള്ള വൻകിട തോട്ടങ്ങളുടെയും ചരിത്രം ഇതുതന്നെയാണ്. മാത്രമല്ല, ഹാരിസൺ കമ്പനി അനധികൃതമായി കൈവശംവച്ചിരിക്കുന്ന സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിയമ നടപടികൾ അട്ടിമറിച്ച് സർക്കാർ ഇപ്പോഴും ആ വിദേശ കുത്തകയെ സഹായിച്ചുകൊണ്ടിരിക്കുകയാണ്. കേരളം അഭിമുഖീകരിക്കുന്ന എൻഡോസൾഫാൻ അടക്കമുള്ള കീടനാശിനി ദുരന്തങ്ങളും ഏകവിളത്തോട്ടങ്ങൾ സൃഷ്ടിച്ച അതേ വികസനമാതൃകയുടെ അനന്തരഫലമായി തന്നെ വിലയിരുത്താം.

## നിയമങ്ങൾ ബാധകമല്ലാത്ത മലബാർ ഗോൾഡ്

**മ**ലപ്പുറം ജില്ലയിലെ കാക്കഞ്ചേരിയിൽ നിർമാണത്തിലിരിക്കുന്ന ആഭരണനിർമ്മാണശാലക്കെതിരെ നടക്കുന്ന ജനകീയ സമരം ആയിരം ദിവസങ്ങൾ പിന്നിട്ടിരിക്കുന്നു. മറ്റു വ്യവസായശാലകളിൽ നിന്നും വ്യത്യസ്തമായി സ്വർണ ശുദ്ധീകരണ നിർമാണശാലകൾ പോലുള്ള വ്യവസായ സ്ഥാപനങ്ങൾ നിലവിലുള്ള നിയമനുസരിച്ച് വിജനമായ പ്രദേശങ്ങളിലേ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ കാലിക്കറ്റ് സർവകലാശാലക്കും, ദേശീയപാതയ്ക്കും അടുത്തായി ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മേഖലയിലാണ് കാക്കഞ്ചേരിയിൽ സ്വർണാഭരണ നിർമാണശാല വരുന്നത്. 1993ൽ കോഴിക്കോട് കേന്ദ്രമായി തുടങ്ങി ഇന്ന് ഒമ്പത് രാജ്യങ്ങളിലായി വ്യാപിച്ചിരിക്കുന്ന മലബാർ ഗോൾഡ് എന്ന സ്വർണ വ്യവസായസംരംഭത്തിന്റെ ഏറ്റവും വലിയ ആഭരണ നിർമ്മാണശാലയാണ് മലിനീകരണ നിയന്ത്രണ ബോർഡിന്റെയും സംസ്ഥാന സർക്കാറിന്റെയും അനുമതിയോടെ കാക്കഞ്ചേരിയിൽ വരാനൊരുങ്ങുന്നത്. കാക്കഞ്ചേരി കിൻഫ്രാ പാർക്കിന് സമീപം ദേശീയപാതയുടെ ഓരത്താണ് ആഭരണ നിർമാണശാലക്കായി ഭൂമി ഏറ്റെടുത്തതും കെട്ടിടത്തിന്റെ നിർമാണം നടന്നതും. 2.25 ഏക്കറിൽ 200 കോടി രൂപ ചിലവിലാണ് ഫാക്ടറി നിർമാണം ആസൂത്രണം ചെയ്തിരിക്കുന്നത്. മലബാർ ഗോൾഡിന്റെ തന്നെ പ്രോജക്ട് റിപ്പോർട്ടനുസരിച്ച് പ്രതിദിനം മൂന്ന് ലക്ഷം ലിറ്റർ വെള്ളം ഒരു പ്രദേശത്ത് നിന്നും നിരന്തരമായി എടുക്കുന്നത് ഭൂഗർഭജലം ക്രമാതീതമായി താഴാൻ കാരണമാകും. സ്വർണാഭരണ നിർമാണത്തിൽ ഉപയോഗിക്കേണ്ടിവരുന്ന ഘനലോഹങ്ങളായ മെർക്കുറി, കാഡ്മിയം, പൊട്ടാസ്യം സൈനേഡ്, കോപ്പർ, നിക്കൽ, ലെഡ് തുടങ്ങിയ വിഷാംശം നിറഞ്ഞ രാസപദാർത്ഥങ്ങൾ മണ്ണിനടിയിലേക്ക് ഊർന്നിറങ്ങുന്നത് ശുദ്ധജലത്തെ വിഷമയമാക്കും. മറ്റു സമരങ്ങളിൽ നിന്നു വ്യത്യസ്തമായി കാക്കഞ്ചേരിയിൽ വ്യവസായ സംരംഭം ആരംഭിക്കുന്നതിന് മുമ്പേതന്നെ പ്രദേശവാസികൾ അതേ കുറിച്ച് പഠിക്കുകയും വരാനിരിക്കുന്ന രാസമാലിന്യങ്ങളുടെ ഭീകരമായ പ്രത്യാഘാതത്തെ തിരിച്ചറിയുകയും ചെയ്തിരുന്നു. പ്രദേശവാസികൾക്ക് തൊഴിൽ വാഗ്ദാനങ്ങൾ ഏറെയുണ്ടായിട്ടും പരിസ്ഥിതി മലിനീകരണം കൊണ്ടുണ്ടാകാൻ പോകുന്ന വിപത്തിന് തൊഴിൽ ഒരു പരിഹാരമാകില്ല എന്ന തിരിച്ചറിവിൽ ജനം എത്തിച്ചേരുകയായിരുന്നു. 1970കളിൽ കാലിക്കറ്റ് സർവകലാശാല വിദ്യാഭ്യാസപരമായ ആവശ്യങ്ങൾക്കായി നാട്ടുകാരിൽ നിന്നും ഏറ്റെടുത്തതാണ് കാക്കഞ്ചേരിയിലെ ഭൂമി. എന്നാൽ ഉപയോഗശൂന്യമായി കിടന്നിരുന്ന ഈ 40 ഏക്കറോളം വരുന്ന സ്ഥലം സർവ്വകലാശാല അധികൃതർ 1993ൽ കിൻഫ്രയ്ക്ക് (കേരള ഇന്റസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ) കൈമാറുകയായിരുന്നു. ഭക്ഷ്യവ്യവസായങ്ങൾക്കും ഭക്ഷ്യാനുബന്ധ വ്യവസായങ്ങൾക്കും 30 ഏക്കർ, ഐ.ടി. വ്യവസായത്തിന് 10 ഏക്കർ എന്ന നിലയിലാണ് അന്ന് സ്ഥലം അനുവദിക്കപ്പെട്ടത്. കിൻഫ്രയിൽ നിർമ്മിക്കുന്ന ഉത്പന്നങ്ങളുടെ വിൽപനയ്ക്കും പ്രചരണത്തിനും ലക്ഷ്യമിട്ട് പാർക്കിന്റെ മുൻവശത്തുള്ള 2.25 ഏക്കർ കൊമേഴ്ഷ്യൽ പ്ലോട്ട് ആയി മാറ്റിവെച്ചിരുന്നു. എന്നാൽ പിന്നീട് വ്യാവസായിക ആവശ്യത്തിനായി ഈ സ്ഥലം വിട്ടുനൽകുന്നതിനായി കിൻഫ്ര ടെണ്ടർ ക്ഷണിച്ചു. ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ആക്ടിന്റെ 9-ാം ഖണ്ഡിക പ്രകാരം ഇത് നിയമവിരുദ്ധമാണ്. ടെണ്ടറിൽ പങ്കെടുത്ത മലബാർ ഗോൾഡിന് 2013 മാർച്ചിൽ 2.25 ഏക്കർ സ്ഥലം അനുവദിച്ച് ഉത്തരവായി.

കേന്ദ്ര സർക്കാരിന്റെ ഫുഡ് സേഫ്റ്റി നിയമപ്രകാരം രാസമാലിന്യങ്ങൾ പുറന്തള്ളുന്ന കമ്പനി ഫുഡ് പാർക്കിൽ അനുവദനീയമല്ല എന്ന നിയമം നിലവിലുണ്ടായിരിക്കെതന്നെ കിൻഫ്രയുടെ ഏകജാലക ക്ലിയറൻസ് ബോർഡ് ഈ പദ്ധതി അംഗീകരിക്കുകയായിരുന്നു. മലിനീകരണ നിയന്ത്രണ ബോർഡിന്റെ 09/08/2004ലെ സർക്കുലർ അനുസരിച്ച് ഈ വിഭാഗത്തിൽ ഉൾപ്പെടുന്ന വ്യവസായത്തിന്റെ 100 മീറ്ററിനുള്ളിൽ വീടുകളോ മറ്റ് സ്ഥാപനങ്ങളോ പാടില്ല. എന്നാൽ ഈ സ്ഥാപനത്തിന്റെ 100 മീറ്ററിനുള്ളിൽ 6 വീടുകളും 78 ക്വാർട്ടേഴ്സുകളും 36 കടകളും രണ്ട് ആരാധനാലയങ്ങളുമുണ്ട്.

**(തയ്യാറാക്കിയത്: നജ്മുദ്ദീൻ. സി.കെ)**